പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 909 01.03.2017-ലെ മറുപടി**

**താനൂർ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ : | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ ഇക്കഴിഞ്ഞ ബഡ്ജറ്റിൽ താനൂർ നിയോജക മണ്ഡലത്തിൽ 100 കോടി മുതൽമുടക്കിൽ അംഗീകാരം ലഭിച്ച സമ്പൂർണ്ണ കുടിവെള്ള പദ്ധതിയുടെ ഭരണ-സാങ്കേതിക അനുമതികൾ ലഭ്യമായിട്ടുണ്ടോ; | എ ലഭ്യമായിട്ടുണ്ട്. 11.01.2017-ലെ ജി.ഒ(ആർ.റ്റി) നം.14/2017/ജവിവ. പ്രകാരം താനൂർ മുൻസിപ്പാലിറ്റിയ്ക്കും 4 സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് വേണ്ടി 100 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. KWA/CE/NR/41/2016-17 തീയതി 19.01.217 പ്രകാരം സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്. |
| ബി പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; | ബി പദ്ധതിയുടെ വർക്കിംഗ് എസ്റ്റിമേറ്റിനു അംഗീകാരം നൽകി ഉടൻ തന്നെ ടെണ്ടർ ചെയ്ത് എഗ്രിമെന്റ് വെക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചു വരുന്നു. |
| സി ഈ പദ്ധതിയുടെ നിർമ്മാണ കാലയളവ് എത്രയാണെന്നും എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അറിയിക്കുമോ? | സി എഗ്രിമെന്റ് കാലയളവ് മുതൽ 18 മാസമാണ് നിർമ്മാണ കാലയളവ് ഉദ്ദേശിക്കുന്നത്. ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ 2018 ഡിസംബർ മാസത്തോടുകൂടി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

Renuka Sankar

സെക്ഷൻ ഓഫീസർ